# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5442 28/07/2015-ൽ മറുപടിയ്ക്ക്

## സംയോജിത ഭക്ഷ്യവിളകളുടെ ഉൽപ്പാദനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വർക്കല കഹാർ**<br>**,, ഹൈബി ഈഡൻ**<br>**,, ബെന്നി ബെഹനാൻ**<br>**,, ഷാഫി പറമ്പിൽ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംയോജിത ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) കേരളത്തിന്റെ പ്രധാന ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗവിളകൾ, പയർവർഗ്ഗ വിളകൾ എന്നീ ഉല്പാദനം വർദ്ധിപ്പിക്കുകയും ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പരമാവധി ശ്രമങ്ങൾ നടത്തുക എന്നതുമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. |
| സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) കൃഷി വകുപ്പ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും സഹകരണത്തോ- ടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗവിളകൾ എന്നിവയ്ക്കായി പ്രത്യേകം ഉപപദ്ധതികൾ തയ്യാറാക്കിയാണ് സംയോജിത പദ്ധതി നടപ്പിലാക്കി വരുന്നത്. 2012-13 മുതൽ 2014-15 വരെ കൃഷി വകുപ്പ് മുഖേന നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗവിളകൾ, |

പയർവർഗ്ഗ വിളകൾ എന്നിവയ്ക്ക് പദ്ധതി വിഹിതമായി 316 കോടി രൂപ നീക്കി വച്ചിരിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം (2015-16) പദ്ധതി വിഹിതമായി നീക്കി വച്ചിരിക്കുന്ന തുക ഇപ്രകാരമാണ്.

| | |
|---|---|
| നെൽ കൃഷി വികസനം | 3382.00 ലക്ഷം രൂപ |
| പച്ചക്കറി കൃഷി വികസനം | 7000.00 ലക്ഷം രൂപ |
| കിഴങ്ങ് വർഗ്ഗ വിളകൾ ഉൾപ്പെടെ ആകെ | 10382.00 ലക്ഷം |

നെൽകൃഷി വികസനത്തിന്റെ ഭാഗമായി ഹെക്ടറിന് 1500/- രൂപ നിരക്കിൽ ഉല്പാദനോപാധികൾക്കുള്ള ധനസഹായമായി നല്കുന്നു. കൂടാതെ വിവിധ നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം, പ്രത്യേക തരം നെല്ലിനങ്ങളുടെ കൃഷി വികസനം (ഉദാ.പൊക്കാളി നെല്ല്, സുഗന്ധ നെല്ലിനങ്ങൾ), പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ നിർവ്വഹണം എന്നീ ഉപഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി, സ്കൂൾ പച്ചക്കറിത്തോട്ടം, വീട്ടമ്മമാർ റസിഡൻസ് അസോസിയേഷൻ മുഖേനയുള്ള വീട്ട് വളപ്പിലെ കൃഷി സർക്കാർ / സ്വാകര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പരിശീലന നഴ്സറികളുടെ

സ്ഥാപനം, മഴമറ, ഫെർട്ടിഗേഷൻ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ വിവിധ ഉപഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഴങ്ങ് വർഗ്ഗ വിളകളുടെ കൃഷിയും ഉപഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**